വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ-സി) സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം

6 (*396) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ തയ്യാറാക്കി നൽകുന്നതിന്റെ ഭാഗമായി 1990 മുതലുള്ള ആധാരവിവരങ്ങൾ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്യുകയുണ്ടായി. 1980 മുതൽ 1989 വരെയുള്ള ഡേറ്റകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ തയ്യാറാക്കി അപേക്ഷാകക്ഷികൾക്ക് നൽകുക എന്നതാണ് പ്രധാന ഉദ്ദേശ്യം. 1980 മുതൽ 1989 വരെയുള്ള ഡേറ്റാ എൻട്രി കൂടി പൂർത്തിയാകുന്ന മുറയ്ക്ക് 30 വർഷത്തെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്നതിന്റെ അടുത്ത ദിവസം തന്നെ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമേറ്റിക്സ് സെന്ററാണ് ഇതുമായി ബന്ധപ്പെട്ടുള്ള സോഫ്റ്റ്വെയർ വികസിപ്പിച്ചിരിക്കുന്നത്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1990 മുതലുള്ള ആധാര വിവരങ്ങൾ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. 1980 മുതൽ 1989 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

ഏകീകൃത ഫീസ് സംവിധാനം

7 (*397) ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന വിവിധ ഫീസുകൾക്ക് ഏകീകൃത സ്വഭാവമുണ്ടോ ;

(ബി) ഒരേ ആവശ്യത്തിന് വിവിധ സർവ്വകലാശാലകൾ വ്യത്യസ്ത ഫീസ് ഘടന സ്വീകരിക്കുന്നത് ഉചിതമാണോ ;

(സി) പഠനത്തിനുള്ള ഫീസും വിവിധ സേവനങ്ങൾക്കുള്ള ഫീസും സർവ്വകലാശാലകൾ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോഴിക്കോട് സർവ്വകലാശാല ഈയിടെ എല്ലാതരം ഫീസുകളും വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്ര ശതമാനമാണ് ഓരോ ഇനത്തിലുമുള്ള വർദ്ധനവെന്ന് വ്യക്തമാക്കാമോ ;

(ഇ) അടിക്കടിയുള്ള ഫീസ് വർദ്ധന നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഇല്ല. ഓരോ സർവ്വകലാശാലയും തീരുമാനിക്കുന്നതനുസരിച്ചാണ് ഫീസ് ഘടന നിശ്ചയിക്കുന്നത്.

(ബി) സർവ്വകലാശാലകളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly